SSLC IT EXAMINATION - MARCH 2020

**PRACTICAL EXAMINATION - SAMPLE QUESTIONS**

(Malayalam Medium)


1. ചുവടെ തന്നിരിക്കുന്ന മാതൃകയിൽ ഒരു ഗ്രീറ്റിംഗ് കാർഡ് Inkscape സോഫ്റ്റ്‌വെയറിൽ തയാറാക്കുക.
    - Home ലെ Images10 എന്ന ഫോൾഡറിലെ flower.png എന്ന ചിത്രം ഉൾപ്പെടുത്തുക.
    - ഈ ഫയൽ Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി png ഫോർമാറ്റിൽ Export ചെയ്യുക.

svg ഫയൽ സേവ് ചെയ്യേണ്ടതില്ല.




2. മാതൃകയിലുള്ളതുപോലെ ഒരു ചിത്രം Inkscape സോഫ്റ്റ്‌വെയറിൽ തയാറാക്കുക.
    - ചിത്രം മുഴുവനായി ഗ്രൂപ്പ് ചെയ്യുക.
    - ചുവടെയുള്ള Text ടൈപ്പ് ചെയ്ത് ചേർക്കുക.

ഈ ഫയൽ Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.



3. ചുവടെ തന്നിരിക്കുന്ന മാതൃകയിൽ ഒരു സ്കൂൾ ഗേറ്റിന്റെ ചിത്രം Inkscape സോഫ്റ്റ്‌വെയറിൽ തയാറാക്കുക.

ഈ ചിത്രം Home ലെ Exam10 ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി svg ഫോർമാറ്റിൽ സേവ് ചെയ്യുക.




4. ഒരു വിഭവഭൂപടത്തിന്റെ മാതൃക Home ലെ Exam_documents ലുള്ള Qgis Projects എന്ന ഫോൾഡറിൽ localmap.qgs എന്ന പേരിൽ നൽകിയിരിക്കുന്നു. ഇത് QGIS Desktop സോഫ്റ്റ്‌വെയറിൽ ഉറന്ന് ചുവടെ നൽകിയ നിർദേശങ്ങൾ അനുസരിച്ച് ഭൂപടം പൂർത്തീകരിക്കുക.

- Name, Area എന്നീ വിശേഷണങ്ങൾ നല്കി Lake എന്ന ലെയറിൽ ഒരു പുതിയ തടാകം കൂടി രേഖപ്പെടുത്തുക. (Hints - New field Name: Name, Area )
- തടാകങ്ങളുടെ നിറം കടും നീല (dark blue) ആക്കുക.
- ഇതിന്റെ സ്ക്രീൻഷോട്ട് എടുക്കുക. (സ്ക്രീൻഷോട്ട് എടുക്കാനായി കീബോർഡിലെ Print Screen കീ അമർത്തുക.)

ഇപ്പോൾ Home ലെ Picture ഫോൾഡറിൽ സേവ് ചെയ്യപ്പെട്ട സ്ക്രീൻഷോട്ട് ഫയൽ കോപ്പിചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക. ഈ ഫയലിനെ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന പേരിൽ പുനർനാമകരണം ചെയ്യുക.

5. ഒരു വിഭവഭൂപടത്തിന്റെ മാതൃക Home ലെ Exam_documents ലുള്ള Qgis Projects എന്ന ഫോൾഡറിൽ localmap.qgs എന്ന പേരിൽ നൽകിയിരിക്കുന്നു. ഇത് QGIS Desktop സോഫ്റ്റ്‌വെയറിൽ തുറന്ന് ചുവടെ നൽകിയ നിർദേശങ്ങൾ അനുസരിച്ച് ഭൂപടം പൂർത്തീകരിക്കുക.

- Owner (Rajesh) , Area(1200) എന്നീ വിശേഷണങ്ങൾ നല്കി House ലെയറിൽ ഒരു വീട് കൂടി രേഖപ്പെടുത്തുക (Hints :- Field name : Owner, Area)
- House ലെയറിലെ രേഖപ്പെടുത്തലുകളുടെ വിവരങ്ങൾ (Attribute table) പ്രദർശിപ്പിക്കുക
- ഇതിന്റെ സ്ക്രീൻഷോട്ട് എടുക്കുക. (സ്ക്രീൻഷോട്ട് എടുക്കാനായി കീബോർഡിലെ Print Screen കീ അമർത്തുക.)

ഇപ്പോൾ Home ലെ Picture ഫോൾഡറിൽ സേവ് ചെയ്യപ്പെട്ട സ്ക്രീൻഷോട്ട് ഫയൽ കോപ്പിചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക. ഈ ഫയലിനെ നിങ്ങളുടെ രജിസ്റ്റർ നമ്പർ_ചോദ്യനമ്പർ എന്ന പേരിൽ പുനർനാമകരണം ചെയ്യുക.

6. ഒരു വിഭവഭൂപടത്തിന്റെ മാതൃക Home ലെ Exam_documents ലുള്ള Qgis Projects എന്ന ഫോൾഡറിൽ localmap.qgs എന്ന പേരിൽ നൽകിയിരിക്കുന്നു. ഇത് QGIS Desktop സോഫ്റ്റ്‌വെയറിൽ തുറന്ന് ചുവടെ നൽകിയ നിർദേശങ്ങൾ അനുസരിച്ച് ഭൂപടം പൂർത്തീകരിക്കുക.

- Name (Road4) , Length (5000), Width(8) എന്നീ വിശേഷണങ്ങൾ നല്കി Panchayath_Road ലെയറിൽ ഒരു റോഡുകൂടി രേഖപ്പെടുത്തുക.
  (Hints :- Field name : Name, Length, Width)
- Panchayath_Road ലെയറിലെ രേഖപ്പെടുത്തലുകളുടെ വിവരങ്ങൾ (Attribute table) പ്രദർശിപ്പിക്കുക.
- ഇതിന്റെ സ്ക്രീൻഷോട്ട് എടുക്കുക. (സ്ക്രീൻഷോട്ട് എടുക്കാനായി കീബോർഡിലെ Print Screen കീ അമർത്തുക.)

ഇപ്പോൾ Home ലെ Picture ഫോൾഡറിൽ സേവ് ചെയ്യപ്പെട്ട സ്ക്രീൻഷോട്ട് ഫയൽ കോപ്പിചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക. ഈ ഫയലിനെ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന പേരിൽ പുനർനാമകരണം ചെയ്യുക.

7. സൺക്ലോക്ക് സോഫ്റ്റ്‌വെയർ തുറന്ന്  കൽക്കത്തയിലെ സൂര്യാസ്തമന സമയം കണ്ടെത്തുക. ഇതിനായി ചുവടെ നൽകിയ പ്രവർത്തനങ്ങൾ  ചെയ്യുക.

- സൺക്ലോക്കിൽ സമയമേഖലാ ഭൂപടം പ്രദർശിപ്പിക്കുക.
- സ്ഥലം കൽക്കത്ത ആയി ക്രമീകരിക്കുക.
- പ്രോഗ്രസ് വാല്യൂ 1 മിനുട്ട് ആയി ക്രമീകരിച്ച് അനിമേഷൻ പ്രവർത്തിപ്പിക്കുക.
- നിഴൽ തുടങ്ങുന്ന ഭാഗം കൽക്കത്തക്ക് മുകളിലെത്തുമ്പോൾ ആനിമേഷൻ അവസാനിപ്പിക്കുക.
- ഇതിന്റെ സ്ക്രീൻഷോട്ട് എടുക്കുക. (സ്ക്രീൻഷോട്ട് എടുക്കാനായി കീബോർഡിലെ Print Screen കീ അമർത്തുക.)

ഇപ്പോൾ Home ലെ Picture ഫോൾഡറിൽ സേവ് ചെയ്യപ്പെട്ട സ്ക്രീൻഷോട്ട് ഫയൽ കോപ്പിചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക. ഈ ഫയലിനെ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന പേരിൽ പുനർനാമകരണം ചെയ്യുക.

8. സൺക്ലോക്ക് സോഫ്റ്റ്‌വെയർ തുറന്ന് സെപ്റ്റംബർ 23 (സമരാത്രദിനം) ലെ ജാലകം പ്രദർശിപ്പിക്കുക. ഇതിനായി ചുവടെ നൽകിയ പ്രവർത്തനങ്ങൾ ചെയ്യുക.

- സൺക്ലോക്കിൽ സമയമേഖലാ ഭൂപടം പ്രദർശിപ്പിക്കുക.
- പ്രധാനഅക്ഷാംശരേഖകൾ പ്രദർശിപ്പിക്കുക.
- തീയതി സെപ്റ്റംബർ 23 ആയി ക്രമീകരിക്കുക.
- സൂര്യനെ ദൃശ്യമാക്കുക.
- ഇതിന്റെ സ്ക്രീൻഷോട്ട് എടുക്കുക. (സ്ക്രീൻഷോട്ട് എടുക്കാനായി കീബോർഡിലെ Print Screen കീ അമർത്തുക.)

ഇപ്പോൾ Home ലെ Picture ഫോൾഡറിൽ സേവ് ചെയ്യപ്പെട്ട സ്ക്രീൻഷോട്ട് ഫയൽ കോപ്പിചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക. ഈ ഫയലിനെ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ എന്ന പേരിൽ പുനർനാമകരണം ചെയ്യുക.

9. സൗരോർജ്ജത്തെക്കുറിച്ചുള്ള ഒരു ലേഖനം Home ലെ Exam_documents ഫോൾഡറിലുള്ള SolarEnergy.ott എന്ന ഫയലിൽ നൽകിയിട്ടുണ്ട്. ഈ ഫയൽ ലിബർഓഫീസ് റൈറ്ററിൽ തുറന്ന് Paragraph Styles വിഭാഗത്തിലെ Default Style ൽ, ചുവടെ നൽകിയ നിർദ്ദേശങ്ങൾ പ്രകാരം Solar എന്ന പേരിൽ ഒരു സ്റ്റൈൽ നിർമ്മിച്ച്, ലേഖനത്തിലെ എല്ലാ ഖണ്ഡികകൾക്കും നൽകുക.

| | | |
|---|---|---|
| Font family | - | FreeSans |
| Font Size | - | 13 pt |
| Font color | - | Blue |
| Line spacing | - | 1.5 lines |

ഈ ഫയൽ, നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

10. ഐക്യരാഷ്ട്രസഭയെക്കുറിച്ചുള്ള ഒരു ലേഖനം Home ലെ Exam_documents ഫോൾഡറിലുള്ള UnitedNations.ott എന്ന ഫയലിൽ നൽകിയിട്ടുണ്ട്. ഈ ഫയൽ ലിബർഓഫീസ് റൈറ്ററിൽ തുറന്ന് ഉപശീർഷകങ്ങൾക്കായി ചുവടെ നൽകിയിരിക്കുന്ന പ്രത്യേകതകൾ ഉൾപ്പെടുത്തി United എന്ന പേരിൽ ഒരു സ്റ്റൈൽ തയാറാക്കുക. (**സൂചന** : Paragraph Styles വിഭാഗത്തിലെ Heading 2 ലാണ് പുതിയസ്റ്റൈൽ നിർമിക്കേണ്ടത്.)

| | | |
|---|---|---|
| Font Size | - | 16 pt or 105 % |
| Font family | - | Andika |
| Font color | - | Red |
| Underlining | - | Single |

ലേഖനത്തിൽ ഉള്ള എല്ലാ ഉപശീർഷകങ്ങൾക്കും ഈ സ്റ്റൈൽ നൽകി നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നല്കി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

11. ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനെക്കുറിച്ചുള്ള ലേഖനം ഉൾപ്പെട്ട ഒരു ഫയൽ Home ലെ Exam_documents ഫോൾഡറിൽ moon.ott എന്ന പേരിൽ നൽകിയിട്ടുണ്ട്. ഈ ഫയൽ ലിബർ ഓഫീസ് റൈറ്ററിൽ തുറന്ന് Paragraph Styles വിഭാഗത്തിൽ Heading 1 ൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുക.

| | | |
|---|---|---|
| Font family | - | Bitstream Vera Sans |
| Font Size | - | 18 or 150 % |
| Font color | - | Blue |
| Underline | - | Single |

ലേഖനത്തിലെ എല്ലാ ഉപശീർഷകങ്ങൾക്കും ഈ സ്റ്റൈൽ നൽകുക. ഈ ഫയൽ, നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി Home ലെ Exam10 എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

12. Home ലെ Exam_documents_10 ലുള്ള e-waste.ott എന്ന ലേഖനം, ലിബർ ഓഫീസ് റൈറ്ററിലെ സ്റ്റൈൽ (Styles), സങ്കേതം ഉപയോഗപ്പെടുത്തി, ചുവടെ നൽകിയ നിർദേശങ്ങൾക്കനുസരിച്ച് ആകർഷകമാക്കി ഉള്ളടക്കപ്പട്ടിക ഉൾപ്പെടുത്തുക.

- പ്രധാന തലക്കെട്ടുകൾക്ക് (Main Headings) Heading2 എന്ന Style നൽകുക.
- ഉപ തലക്കെട്ടുകൾക്ക് (Sub Headings) Heading3 എന്ന Style നൽകുക.
- ആദ്യ പേജിൽ ഏറ്റവും മുകളിലായി Table of Contents and Index സങ്കേതം ഉപയോഗിച്ച് ഉള്ളടക്കപ്പട്ടിക ഉൾപ്പെടുത്തുക.

മാറ്റം വരുത്തിയ ഫയൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് (Save As) ചെയ്യുക.

13. സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് , ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അമ്മമാർക്കായി നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നതിന് അവരെ ക്ഷണിച്ചുകൊണ്ടുള്ള ഒരു കത്ത് ലിബർഓഫീസ് റൈറ്ററിലെ മെയിൽമെർജ് സങ്കേതം ഉപയോഗിച്ച് തയാറാക്കുക. Home ലെ Exam_documents ഫോൾഡറിൽ കുട്ടികളുടേയും അമ്മമാരുടെയും വിവരങ്ങൾ Mothers.ods എന്ന ഫയലിലും കത്തിന്റെ മാതൃക Letter_Mothers.ott എന്ന ഫയലിലും നൽകിയിട്ടുണ്ട്.

സൂചന:

- Letter_Mothers.ott എന്ന ഫയൽ ലിബർഓഫീസ് റൈറ്ററിൽ തുറക്കുക.
- Mothers.ods എന്ന ഫയലിൽ നിന്നും കുട്ടിയുടെ പേരും (Name of Student) അമ്മയുടെ പേരും (Name of Mother) ഉൾപ്പെടുത്തുക.

കത്തുകൾ ഒറ്റ ഫയലായി (Single File), നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക. (മാതൃക സേവ് ചെയ്യേണ്ടതില്ല)

14. നിങ്ങളുടെ സ്കൂളിൽ നിന്നും CPR (Cardiopulmonary Resuscitation) പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് നൽകുന്നതിനുള്ള സാക്ഷ്യപത്രം ലിബർഓഫീസ് റൈറ്ററിലെ മെയിൽമെർജ് സങ്കേതം ഉപയോഗിച്ച് തയാറാക്കുക.



ഹോമിലെ Exam_documents ഫോൾഡറിൽ കുട്ടികളുടെ വിവരങ്ങൾ CPR_Students.ods എന്ന ഫയലിലും സാക്ഷ്യപത്രത്തിന്റെ മാതൃക CPR_Certificate.ott എന്ന ഫയലിലും നൽകിയിരിക്കുന്നു.

സൂചന :

- CPR_Certificate.ott എന്ന ഫയൽ ലിബർഓഫീസ് റൈറ്ററിൽ തുറക്കുക.
- CPR_Students.ods എന്ന ഫയലിൽ നിന്നും കുട്ടിയുടെ പേരും (Name of Student) ക്ലാസ്സും ഡിവിഷനും (Class & Division) ഉൾപ്പെടുത്തുക.



സാക്ഷ്യപത്രങ്ങൾ ഒറ്റ ഫയലായി (Single File), നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ സേവ് ചെയ്യുക. (മാതൃക സേവ് ചെയ്യേണ്ടതില്ല)

15 ഒരു പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടും (ഔട്ട്പുട്ട് 1) നൽകിയിരിക്കുന്നു.

| പ്രോഗ്രാം | ഔട്ട്പുട്ട് 1 | ഔട്ട്പുട്ട് 2 |
|---|---|---|
| from turtle import*<br>color("gray")<br>pensize(5)<br>begin_fill()<br>for i in range(12):<br>    right(30)<br>    for i in range(4):<br>        forward(90)<br>        right(90)<br>color("purple")<br>end_fill() |  |  |



പ്രോഗ്രാം ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കുക. രണ്ടാമത്തെ ഔട്ട്പുട്ട് (ഔട്ട്പുട്ട് 2) ലഭിക്കുന്ന തരത്തിൽ ഈ പ്രോഗ്രാമിൽ മാറ്റം വരുത്തി Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

16. ഒരു പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടും (ഔട്ട്പുട്ട് 1) നൽകിയിരിക്കുന്നു.

| പ്രോഗ്രാം | ഔട്ട്പുട്ട് 1 | ഔട്ട്പുട്ട് 2 |
|---|---|---|
| from turtle import*<br>color("gray")<br>pensize(5)<br>begin_fill()<br>for i in range(8):<br>    right(45)<br>    for i in range(6):<br>        forward(50)<br>        right(60)<br>color("purple")<br>end_fill() |  |  |



പ്രോഗ്രാം ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കുക. രണ്ടാമത്തെ ഔട്ട്പുട്ട് (ഔട്ട്പുട്ട് 2) ലഭിക്കുന്ന തരത്തിൽ ഈ പ്രോഗ്രാമിൽ മാറ്റം വരുത്തി Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

17 ഒരു പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടും (ഔട്ട്പുട്ട് 1) നൽകിയിരിക്കുന്നു.

| പ്രോഗ്രാം | ഔട്ട്പുട്ട് 1 | ഔട്ട്പുട്ട് 2 |
| --- | --- | --- |
| from turtle import*<br>color("gray")<br>dot(220,"pink")<br>begin_fill()<br>for i in range(12):<br>    right(30)<br>    for i in range(8):<br>        forward(40)<br>        right(45)<br>color("purple")<br>end_fill() |  |  |

പ്രോഗ്രാം ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കുക. രണ്ടാമത്തെ ഔട്ട്പുട്ട് (ഔട്ട്പുട്ട് 2) ലഭിക്കുന്ന തരത്തിൽ ഈ പ്രോഗ്രാമിൽ മാറ്റം വരുത്തി Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

18 ഒരു പൈത്തൺ പ്രോഗ്രാമും അതു പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന ഔട്ട്പുട്ടും (ഔട്ട്പുട്ട് 1) നൽകിയിരിക്കുന്നു.

| പ്രോഗ്രാം | ഔട്ട്പുട്ട് 1 | ഔട്ട്പുട്ട് 2 |
| --- | --- | --- |
| from turtle import*<br>color("purple")<br>begin_fill()<br>for i in range(8):<br>    right(45)<br>    for i in range(5):<br>        forward(90)<br>        dot(20)<br>        right(72)<br>color("pink")<br>end_fill() |  |  |

പ്രോഗ്രാം ടൈപ്പ് ചെയ്ത് പ്രവർത്തിപ്പിക്കുക. രണ്ടാമത്തെ ഔട്ട്പുട്ട് (ഔട്ട്പുട്ട് 2) ലഭിക്കുന്ന തരത്തിൽ ഈ പ്രോഗ്രാമിൽ മാറ്റം വരുത്തി Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

19. ഒരു സ്കൂളിലെ കുട്ടികളുടെ വിവരങ്ങൾ Home ലെ Exam_documents ഫോൾഡറിൽ Students.odb എന്ന ഫയലിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും കായികമേളയിൽ Tennis തിരഞ്ഞെടുത്ത കുട്ടികളുടെ പട്ടിക തയാറാക്കുക. ഇതിനായി താഴെ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

- Home ലെ Exam_documents ഫോൾഡറിലുള്ള Students.odb എന്ന ഫയൽ ലിബർഓഫീസ് ബേസിൽ തുറക്കുക.
- ഈ ഫയൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽനാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ Save As സങ്കേതം ഉപയോഗിച്ച് സേവ് ചെയ്യുക.
- Tennis തിരഞ്ഞെടുത്ത കുട്ടികളുടെ വിവരങ്ങൾ മാത്രം ലഭ്യമാകുന്ന ക്വറി തയാറാക്കുക. ഉൾപ്പെടുത്തേണ്ട വിവരങ്ങൾ (fields) : Adno, Name, Class, Sports.
  (Search Condition : Sports = Tennis)
- ക്വറിയിലെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന റിപ്പോർട്ട് തയാറാക്കി Tennis എന്ന പേരിൽ സേവ് ചെയ്യുക.

20. ഒരു സ്കൂളിലെ കുട്ടികളുടെ വിവരങ്ങൾ Home ലെ Exam_documents ഫോൾഡറിൽ Students.odb എന്ന ഫയലിൽ നൽകിയിട്ടുണ്ട്. ഇതിൽ നിന്നും പഠനയാത്ര പോകുന്നതിന് രക്ഷിതാക്കളുടെ സമ്മതപത്രം കൊണ്ടുവന്ന കുട്ടികളുടെ പട്ടിക തയാറാക്കുക.

സൂചന:

- Home ലെ Exam_documents ഫോൾഡറിലുള്ള Students.odb എന്ന ഫയൽ ലിബർഓഫീസ് ബേസിൽ തുറക്കുക.
- ഈ ഫയൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽനാമമായി നൽകി Home ലെ Exam10 ഫോൾഡറിൽ Save As സങ്കേതം ഉപയോഗിച്ച് സേവ് ചെയ്യുക.
- സമ്മതപത്രം നല്കിയിട്ടുള്ള കുട്ടികളുടെ വിവരങ്ങൾ മാത്രം ലഭ്യമാകുന്ന ക്വറി തയാറാക്കുക. ഉൾപ്പെടുത്തേണ്ട വിവരങ്ങൾ (fields) : Adno, Name, Class, StudyTour.
  (Search Condition : StudyTour = Yes)
- ക്വറിയിലെ വിവരങ്ങൾ പ്രദർശിപ്പിക്കുന്ന റിപ്പോർട്ട് തയാറാക്കി StudyTour എന്ന പേരിൽ സേവ് ചെയ്യുക.

21. സ്കൂളുകളിലെ അമ്മമാരുടെ പരിശീലനവുമായി ബന്ധപ്പെട്ട ഒരു വെബ്പേജ് ചുവടെ തന്നിരിക്കുന്ന മാതൃകയിലേതുപോലെ തയാറാക്കുക.



ഇതിനായി Home ലെ Exam_documents ലുള്ള  mother_pta.html എന്ന ഫയൽ ടെക്സ്റ്റ് എഡിറ്ററിൽ തുറന്ന് കാസ്കേഡിങ് സ്റ്റൈലുകളിൽ (CSS) ചുവടെ കൊടുത്തിരിക്കുന്ന മാറ്റങ്ങൾ വരുത്തുക.

- വെബ്പേജിന്റെ പശ്ചാത്തലത്തിന് ഇളംപച്ച (lightgreen) നിറം നൽകുക.
- വെബ്പേജിലെ പാരഗ്രാഫുകൾക്ക്  Verdana എന്ന അക്ഷരരൂപം നൽകുക.

മാറ്റം വരുത്തിയ ഫയൽ Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി (Save as സങ്കേതം ഉപയോഗിച്ച് ) സേവ് ചെയ്യുക.  തുടർന്ന് ഈ ഫയൽ വെബ് ബ്രൗസറിൽ തുറക്കുക.

22. കേരള സ്കൂൾ കലോത്സവ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു വെബ്പേജ് ചുവടെ തന്നിരിക്കുന്ന മാതൃകയിലേതുപോലെ തയാറാക്കുക.




ഇതിനായി Home ലെ Exam_documents ലുള്ള  kalolsavam.html എന്ന ഫയൽ ടെക്സ്റ്റ് എഡിറ്ററിൽ തുറന്ന് കാസ്കേഡിങ് സ്റ്റൈലുകളിൽ (CSS) ചുവടെ കൊടുത്തിരിക്കുന്ന മാറ്റങ്ങൾ വരുത്തുക.

- വെബ്പേജിലെ പ്രധാനതലക്കെട്ടിന്റെ (Kerala School Kalolsavam) പശ്ചാത്തലം സിയാൻ (cyan) നിറത്തിലാക്കുക.
- വെബ്പേജിലെ പാരഗ്രാഫുകൾക്ക്  അക്ഷരവലുപ്പം 20px നൽകുക.

മാറ്റം വരുത്തിയ ഫയൽ Save as സങ്കേതം ഉപയോഗിച്ച്, Home ലെ Exam10 എന്ന ഫോൾഡറിൽ  നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി (Save as സങ്കേതം ഉപയോഗിച്ച് ) സേവ് ചെയ്യുക.  തുടർന്ന് ഈ ഫയൽ വെബ് ബ്രൗസറിൽ തുറക്കുക.

23. ഒരു ഹെലികൊപ്റ്റർ പറന്ന് നീങ്ങുന്നതിന്റെ ആനിമേഷൻ Synfig Studio software ഉപയോഗിച്ച് തയ്യാറാക്കുക.  ഇതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

- Synfig Studio സോഫ്റ്റ്‌വെയർ തുറന്ന് Home ലെ Images10 ൽ നിന്നും village.png എന്ന ചിത്രം പശ്ചാത്തലമായി ഉൾപ്പെടുത്തുക.
- Home ലെ Images10 ൽ നിന്നും helicopter.png  എന്ന ചിത്രം ഉൾപ്പെടുത്തി വലുപ്പം ക്രമീകരിക്കുക.
- ഹെലികൊപ്റ്ററിന്റെ ചിത്രത്തിന്  ആനിമേഷൻ നൽകുക.

ഈ ആനിമേഷൻ flv ഫോർമാറ്റിൽ എക്സ്പോർട്ട് ചെയ്ത് Home ലെ Exam10  എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

24. ഒരു സ്പേസ്ഷിപ്പ് പറന്ന് നീങ്ങുന്നതിന്റെ ആനിമേഷൻ Synfig Studio software ഉപയോഗിച്ച് തയ്യാറാക്കുക. ഇതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

- Synfig Studio സോഫ്റ്റ്‌വെയർ തുറന്ന് Home ലെ Images10 ൽ നിന്നും space.png എന്ന ചിത്രം പശ്ചാത്തലമായി ഉൾപ്പെടുത്തുക.
- Home ലെ Images10 ൽ നിന്നും space_ship.png എന്ന ചിത്രം ഉൾപ്പെടുത്തി വലുപ്പം ക്രമീകരിക്കുക.
- സ്പേസ്ഷിപ്പിന്റെ ചിത്രത്തിന് ആനിമേഷൻ നൽകുക.

ഈ ആനിമേഷൻ flv ഫോർമാറ്റിൽ എക്സ്പോർട്ട് ചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

25. Home ലെ Exam_documents ൽ നൽകിയിട്ടുള്ള balloon-bg.sifz എന്ന ഫയൽ ഉപയോഗിച്ച് കുട്ടിയുടെ കയ്യിൽ നിന്നും പിടിവിട്ട് പറന്നുയരുന്ന ബലൂണിന്റെ ആനിമേഷൻ പൂർത്തിയാക്കുക. ഇതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുക.

- balloon-bg.sifz എന്ന ഫയൽ Synfig Studio സോഫ്റ്റ്‌വെയറിൽ തുറക്കുക.
- ഇത് Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി, save as സങ്കേതം ഉപയോഗിച്ച് സേവ് ചെയ്യുക.
- Home ലെ Images10 ൽ നിന്നും boy.png, balloon.png എന്നീ ചിത്രങ്ങൾ ഉൾപ്പെടുത്തി അവയുടെ വലുപ്പം ക്രമീകരിക്കുക.
- ബലൂണിന്റെ ചിത്രത്തിന് ആനിമേഷൻ നൽകുക.

ഈ അനിമേഷനെ flv ഫോർമാറ്റിൽ എക്സ്പോർട്ട്ചെയ്ത് Home ലെ Exam10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർനമ്പർ_ചോദ്യനമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.